**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1448 — 12.07.2011 ൽ മറുപടിയ്ക്ക്

**സംസ്ഥാന ലോട്ടറിയുടെ പരസ്യം നൽകുന്നതിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി | |
| (എ) | സംസ്ഥാന ലോട്ടറിയുടെ പരസ്യം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ ദൃശ്യമാധ്യമ പരസ്യങ്ങൾ സി-ഡിറ്റ്, KSFDC എന്നിവ മുഖേനയാണ് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നിർമ്മിച്ചു വരുന്നത്. പത്രങ്ങൾക്കുള്ള ഡിസ്പ്ലേ പരസ്യങ്ങൾ വകുപ്പ് നേരിട്ടു നിർമ്മിക്കുന്നു. ഇങ്ങനെ നിർമ്മിക്കുന്ന പരസ്യം വകുപ്പ് നേരിട്ട് ദൃശ്യശ്രാവ്യ അച്ചടി മാധ്യമങ്ങൾക്ക് നൽകിവരുന്നു. |
| (ബി) | ഇതിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സി-ഡിറ്റ്, കെ.എസ്.എഫ്.ഡി.സി എന്നിവ മുഖേന പരസ്യ ചിത്രം നിർമ്മിച്ചു കിട്ടുന്നതിനുള്ള കാലതാമസം ടിക്കറ്റ് വിൽപ്പനയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരസ്യം കൂടുതൽ പ്രൊഫഷണലൈസ് ചെയ്യുന്നതിനും കേരള ഭാഗ്യക്കുറിയെ ബ്രാന്റഡ് തലത്തിലേക്ക് ഉയർത്തുന്നതിനും, മാർക്കറ്റ് സ്റ്റഡി നടത്തുന്നതിനുമാണ് മികച്ച പരസ്യ ഏജൻസികളെ എംപാനൽ ചെയ്യാൻ താൽപര്യപത്രം ക്ഷണിച്ചത്. സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുക, ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന വർദ്ധിപ്പിക്കുക എന്നിവയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. |
| (സി) | ലോട്ടറിയുടെ പരസ്യം ഇനിമുതൽ വൻകിട പരസ്യ ഏജൻസികൾക്കു മാത്രം ലഭിക്കുന്ന തരത്തിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ